**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 322** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>മാലിന്യ സംസ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന വിവിധ മാലിന്യ സംസ്കരണ സംവിധാനങ്ങളാണ് നിലവിലുള്ളത്. ഹരിത കർമ്മസേന മുഖേന വീടുകളിലും സ്ഥാപനങ്ങളിലും നിന്നും അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം നടത്തുന്നു. മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നതിനുള്ള (Source Segregation) സംവിധാനം, മിനി എംസിഎഫ്, എംസിഎഫ് (Material Collection Facility) ആർആർഎഫ് (Resource Recovery Facility) എന്നിവ മുഖേന അജൈവ മാലിന്യങ്ങളുടെ ശേഖരണവും സംഭരണവും നടത്തിവരുന്നു.

ജൈവ മാലിന്യങ്ങളുടെ ഉറവിടതല സംസ്കരണം - ബയോ കമ്പോസ്റ്റർ, കമ്പോസ്റ്റ് പിറ്റ് കിച്ചൻ ബിൻ, പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ. പൊതു/സാമൂഹിക തലത്തിലുള്ള ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ആവശ്യാനുസരണം നടപ്പിലാക്കിവരുന്നു.

ഇ-മാലിന്യം, സാനിറ്ററി മാലിന്യം, അപകടകരമായ മാലിന്യം തുടങ്ങിയ പ്രത്യേക വിഭാഗം മാലിന്യങ്ങളുടെ ശേഖരണത്തിനും ശാസ്ത്രീയ സംസ്കരണത്തിനുമുള്ള സംവിധാനങ്ങൾ. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനും ശേഖരണ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനുമുള്ള ഹരിതമിത്രം പോലുള്ള ഡിജിറ്റൽ സംവിധാനങ്ങൾ. ഇവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക ആവശ്യകത, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, മാലിന്യത്തിന്റെ സ്വഭാവം എന്നിവ അനുസരിച്ച് വിവിധ രീതിയിൽ നടപ്പിലാക്കി വരുന്നു.

**(ബി)** ഹരിതകർമ്മ സേന മുഖേനയുള്ള വാതിൽപ്പടി മാലിന്യ ശേഖരണം ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്; ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മ സേന രൂപീകരിക്കുകയും, അവരുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം വാതിൽപ്പടി ശേഖരണം നടത്തിവരികയും ചെയ്യുന്നു. വാതിൽപ്പടി മാലിന്യ

ശേഖരണത്തിന്റെ പുരോഗതി ഹരിതമിത്രം മൊബൈൽ ആപ്പ് മുഖേന നിരീക്ഷിക്കുന്ന സംവിധാനവും നിലവിലുണ്ട്.

**(സി)** ജൈവമാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ (കമ്പോസ്റ്റ് ബിൻ, ബയോഗ്യാസ് പ്ലാന്റ് മുതലായവ) വിതരണം കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ജൈവമാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ പദ്ധതികളുടെ ഭാഗമായി കമ്പോസ്റ്റ് ബിൻ, ബയോഗ്യാസ് പ്ലാന്റ്, തുടങ്ങിയ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വരുന്നു. പ്രാദേശിക ആവശ്യകത, പദ്ധതി വിഹിതം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പരിഗണിച്ചാണ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നത്.

**(ഡി)** മാതൃകാപരമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായമോ പ്രോത്സാഹനമോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**